**കേരളസർക്കാർ**

**പ്രവേശനപരീക്ഷ കമ്മീഷണറുടെ കാര്യാലയം**

**ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, അഞ്ചാം നില,**

**ശാന്തി നഗർ, തിരുവനന്തപുരം- 695001**

**<u>വിജ്ഞാപനം</u>**

**<u>എഞ്ചിനീയറിംഗ്/ആർക്കിടെക്ചർ/ഫാർമസി/മെഡിക്കൽ/</u>**

**<u>മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കുള്ള പ്രവേശനത്തിനായി ഓൺലൈൻ അപേക്ഷകൾ സമർപ്പിക്കാനുള്ള</u>**

**<u>അവസാന തീയതി 2022 മെയ് 10 വൈകുന്നേരം 5.00 മണി വരെ ദീർഘിപ്പിച്ചു</u>**

2022-23 അദ്ധ്യയന വർഷത്തെ എഞ്ചിനീയറിംഗ് , ആർക്കിടെക്ചർ, ഫാർമസി കോഴ്സുകളിലേക്കും എം.ബി.ബി.എസ്, ബി.ഡി.എസ്, ബി.എ.എം.എസ്, ബി.എച്ച്.എം.എസ്, ബി.എസ്.എം.എസ്, ബി.യു.എം.എസ് എന്നീ മെഡിക്കൽ കോഴ്സുകളിലേക്കും, അഗ്രിക്കൾച്ചർ, ഫോറസ്ട്രി, വെറ്ററിനറി, ഫിഷറീസ് തുടങ്ങിയ മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്കും പ്രവേശനത്തിനായുള്ള ഓൺലൈൻ അപേക്ഷകൾ , പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ സമർപ്പിക്കാനുള്ള അവസാന തീയതി **2022 മെയ് 10 വൈകുന്നേരം 5.00 മണി** വരെയായി ദീർഘിപ്പിച്ചു. അപേക്ഷകന്റെ ഫോട്ടോ, ഒപ്പ്, ജനനതീയതി, നേറ്റിവിറ്റി വിവിധ സംവരണാനുകൂല്യങ്ങൾ, വരുമാനം തുടങ്ങിവ തെളിയിക്കുന്ന രേഖകൾ മെയ് 10 വൈകുന്നേരം 5.00 മണിക്ക് മുമ്പായി തന്നെ അപ്‌ലോഡ് ചെയ്യേണ്ടതാണ്.

National Testing Agency (NTA) നടത്തുന്ന NEET UG 2022 പരീക്ഷയ്ക്ക് അപേക്ഷ സമർപ്പിക്കാൻ ഉദ്ദേശിക്കുന്ന വിദ്യാർത്ഥികളിൽ കേരളത്തിലെ മെഡിക്കൽ , മെഡിക്കൽ അനുബന്ധ കോഴ്സുകളിലേക്ക് പ്രവേശനം നേടാൻ ആഗ്രഹിക്കുന്നവരും, കൗൺസിൽ ഓഫ് ആർക്കിടെക്ചർ നടത്തുന്ന നാഷണൽ ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് ഇൻ ആർക്കിടെക്ചർ (NATA) പരീക്ഷയ്ക്ക് നിശ്ചിത യോഗ്യത നേടുന്ന വിദ്യാർത്ഥികളിൽ കേരളത്തിലെ ആർക്കിടെക്ചർ കോളേജുകളിൽ പ്രവേശനം ആഗ്രഹിക്കുന്നവരും പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റിലൂടെ 2022 മെയ് 10 വൈകുന്നേരം 5.00 മണിക്കകം അപേക്ഷ സമർപ്പിക്കേണ്ടതാണ്.

അപേക്ഷ സമർപ്പിച്ചവരുടെ പ്രൊഫൈൽ വിവരങ്ങളും അപേക്ഷയിൽ അപാകതകൾ ഉണ്ടെങ്കിൽ അവയുടെ വിവരങ്ങളും പ്രവേശന പരീക്ഷാ കമ്മീഷണറുടെ വെബ്സൈറ്റിലെ **'KEAM 2022- Candidate Portal'** എന്ന ലിങ്കിൽ ലഭ്യമാകുന്നതാണ്. അപേക്ഷയിൽ അപാകതകൾ ഉള്ള പക്ഷം അവ നിശ്ചിത തീയതിയ്ക്കകം പരിഹരിക്കേണ്ടതാണ്. കാൻഡിഡേറ്റ് പോർട്ടൽ ലഭ്യമാകുന്ന തീയതി വിജ്ഞാപനത്തിലൂടെ അറിയിക്കുന്നതാണ് . അപേക്ഷാ സമർപ്പണം പൂർത്തിയായതിനുശേഷം അപേക്ഷയിൽ കോഴ്സുകൾ കൂട്ടിചേർക്കുന്നതിനായി

അവസരം നൽകുന്നതാണ്. ഇത് സംബന്ധിച്ച വിജ്ഞാപനം പിന്നീട് പുറപ്പെടുവിക്കും. പ്രവേശന പരീക്ഷയേയും ബന്ധപ്പെട്ട വിഷയങ്ങളെയും സംബന്ധിച്ച ആധികാരികമായ വിവരങ്ങൾ അറിയുന്നതിന് പ്രവേശന പരീക്ഷാ കമ്മീഷണറുടെ www.cee.kerala.gov.in എന്ന വെബ്സൈറ്റ് അപേക്ഷകർ നിരന്തരം സന്ദർശിക്കേണ്ടതാണ്. അപേക്ഷ സമർപ്പിക്കുന്നതിനോ, അനുബന്ധ രേഖകൾ അപ്‌ലോഡ് ചെയ്യുന്നതിനോ മെയ് 10 വൈകുന്നേരം 5.00 മണിക്ക് ശേഷം അവസരം നൽകുന്നതല്ല.

**ഹെൽപ് ലൈൻ നമ്പർ : 04712525300**

Signature Not Verified
Digitally signed by
INBASEKAR K IAS
Date: 2022.05.04 22:25:57 IST
Reason: Approved

**പ്രവേശന പരീക്ഷാ കമ്മീഷണർ**

തിരുവനന്തപുരം
**04/05/2022**